**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **08-06-2021 - ൽ മറുപടിയ്ക്ക്**

**അക്ഷയോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുവാൻ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പൊതുജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും, അവ സ്ഥാപിക്കാനും, അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും പരിശീലനം ലഭിച്ച അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും ഊർജ്ജമിത്ര കേന്ദ്രങ്ങൾ മുഖേന കഴിയുന്നതാണ്. ഗുണനിലവാരമുള്ള വിവിധ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണവും ഈ സേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതാണ്. സംരംഭകരുടെ മുതൽമുടക്കിലാണ് സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് താഴെ പറയുന്ന(Document attatched) രീതിയിൽ ധനസഹായം ലഭ്യമാക്കുന്നതാണ്. സംരംഭം ആരംഭിക്കുന്നത് നഗരസഭ അല്ലെങ്കിൽ മുനിസിപ്പാലിറ്റി പരിധിയിലാണെങ്കിൽ നഗരപ്രദേശത്തിന് അനുവദിക്കുന്ന നിരക്കിലുള്ള ധനസഹായവും, സംരംഭം ഗ്രാമ പഞ്ചായത്ത് പ്രദേശത്താണെങ്കിൽ ഗ്രാമ പ്രദേശത്തിന് അനുവദിക്കുന്ന ധനസഹായവും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| സംരംഭകരുടെ വിഭാഗം | അനർട്ട് ധനസഹായം (രൂപ) | |
|---|---|---|
| | നഗരം | ഗ്രാമം |
| സാധാരണ വിഭാഗം | 60,000/- | 1,00,000/- |
| പ്രത്യേക വിഭാഗം(എസ്.സി/ എസ്.റ്റി/ ഒ.ബി.സി/ ന്യൂനപക്ഷം/ വനിതകൾ/ വിമുക്ത ഭടന്മാർ/ ഭിന്നശേഷിക്കാർ) | 1,00,000/- | 1,40,000/- |